"ഭരണഭാഷ-മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

(കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ, തിരുവനന്തപുരം-33.

**ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം**

(നിലവിൽ : രതീശൻ സി)

| | |
|---|---|
| വിഷയം:- | വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ് –ജീവനക്കാര്യം – ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിലെ സ്ഥാനക്കയറ്റം – ഉത്തരവ് പുറപ്പെടുവിക്കുന്നു. |
| പരാമർശം:- | 1 )18-09-2023 ലെ DT/3194/2023-A6 നമ്പർ ഉത്തരവ്<br>2) 25.1.2024 ലെ സി 1/211/2023-തൊഴിൽ -പാർട്ട് (1) നമ്പർ ആയുള്ള സർക്കാർ കത്ത്<br>3) 12.02.2024 ലെ DT/4202/2023-A2 നമ്പരായ സീനിയർ ഇൻസ്ട്രക്ടർ തസ്തികയുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റ്. |

***************

**ഉത്തരവ് നമ്പർ:ഡി.റ്റി/3194/2023-എ6 തീയതി:12-02-2024**

വകുപ്പിൽ ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിൽ 41 ഉറന്ന ഒഴിവുകൾ നിലനിന്നിരുന്നു. ടി ഒഴിവുകളിൽ ബി.ടെക് ക്വാട്ടയിൽനിന്നും നികത്തേണ്ടതായിട്ടുള്ള 5 ഒഴിവുകൾ ഒഴിച്ചിട്ടുകൊണ്ട് ശേഷിക്കുന്ന 36 ഒഴിവുകളിലേയ്ക്ക് പരാമർശം (1) പ്രകാരം സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവായിരുന്നു. ബി.ടെക് ക്വാട്ടയിലെ ജീവനക്കാരുടെ സീനിയോരിറ്റി തർക്കം സംബന്ധിച്ചുള്ള ജീവനക്കാരുടെ പരാതികൾ സർക്കാർ അനുമതിയ്ക്ക് വിധേയമായി അർഹതയുടെ അടിസ്ഥാനത്തിൽ പരിഹരിക്കുന്നതിന് വകുപ്പ് തലത്തിൽ സ്വീകരിച്ചു വന്നിരുന്ന നടപടികൾ പൂർത്തിയാകാത്ത സാഹചര്യത്തിലാണ് പ്രസ്തുത ഒഴിവുകൾ താൽക്കാലികമായി ഒഴിച്ചിട്ടത്. എന്നാൽ AMIE യോഗ്യത നേടുന്നവരുടെ Qualification achieve ചെയ്ത തീയതി കണക്കാക്കുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭ്യമാകുന്ന മുറയ്ക്ക് സീനിയോരിറ്റി പുന:ക്രമീകരിക്കുന്നതാണ് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി സീനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ നിലവിലുള്ള സീനിയോരിറ്റി ലിസ്റ്റിലെ ക്രമ പ്രകാരം ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നടത്തുവാനും അപ്രകാരമുണ്ടാകുന്ന ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ഒഴിവുകൾ അടിയന്തിരമായി പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യണമെന്നും പരാമർശം (2) പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു. ആയതിനാൽ പരാമർശം (1) ഉത്തരവിൽ ബി.ടെക് ക്വാട്ടയിൽനിന്നും നികത്താതെ ഒഴിച്ചിട്ടിരുന്ന 5 ഒഴിവുകളിലേയ്ക്ക് സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ജീവനക്കാരുടെ പരാമർശം (3) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ നിന്നുമുള്ള ചുവടെപറയുന്ന 5 ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകേണ്ടതുണ്ട്.

| ക്രമ നം. | പേര് | സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം. | QUOTA |
|---|---|---|---|
| 1. | ശ്രീ.വിജയപ്രസാദ് എം.വി | 795 | ബിടെക്ക് |

| | | | |
|---|---|---|---|
| 2. | ശ്രീ അജിത്ത് കെ.എ നായർ | 810 | ബിടെക്ക് |
| 3. | ശ്രീ. സജി സി.ജി | 821 | ബിടെക്ക് |
| 4. | ശ്രീ.രഞ്ജിത്ത്.ആർ | 786 | ബിടെക്ക് |
| 5. | ശ്രീ.സോമദാസ് പി.എ | 857 | ബിടെക്ക് |

കേരളാ ക്രാഫ്റ്റ്സ്മാൻ സബോഡിനേറ്റ് സർവ്വീസ് റൂൾസ് ചട്ടം മൂന്ന് നോട്ട് ഒന്ന പ്രകാരം ഗ്രൂപ്പ് ഇൻസ്ട്രക്ടർ/ജൂനിയർ അപ്രന്റീസ്ഷിപ്പ് അഡൈ്വസർ/ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ വരുന്ന ഓരോ ഒൻപത് ഒഴിവുകളിലും ആദ്യ മൂന്ന് ഒഴിവുകൾ ജനറൽ വിഭാഗത്തിൽ നിന്നും നാലാമത്തെ ഒഴിവ് ഡിപ്ലോമ ക്വാട്ടയിൽ നിന്നും അടുത്ത മൂന്ന് ഒഴിവുകൾ ജനറൽ വിഭാഗത്തിൽ നിന്നും എട്ടാമത്തെ ഒഴിവ് ഡിപ്ലോമ ക്വാട്ടയിൽ നിന്നും ഒൻപതാമത്തെ ഒഴിവ് എഞ്ചിനിയറിംഗ് ഡിഗ്രി ക്വാട്ടയിൽ നിന്നുമാണ് സ്ഥാനക്കയറ്റം അനുവദിക്കേണ്ടത്.ഇതിൽ എഞ്ചിനിയറിംഗ് ഡിഗ്രി ക്വാട്ടയിൽ നിന്നും നികത്തേണ്ട ഒഴിവുകളാണ് പരാമർശം (1) ഉത്തരവിൽ നികത്താതെ ഒഴിച്ചിട്ടിരുന്നത്.

മേൽപ്രസ്താവിച്ച സാഹചര്യത്തിൽ സ.ഉ (പി) നം.407/പി.ഡി തീയതി 29/11/1971 ആയി പ്രസിദ്ധീകരിക്കപ്പെട്ട കേരളാ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോഡിനേറ്റ് സർവ്വീസ് റൂൾസ് ചട്ടം 3(1) കെ.എസ് &എസ്.എസ്.ആർ റൂൾസ്1958 ലെ പൊതുചട്ടം 28(ബി) (1) എന്നിവയിലെ വ്യവസ്ഥകൾക്ക് ബാധമാക്കി സീനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ സേവനത്തിലുള്ള താഴെപ്പറയുന്ന ജീവനക്കാരെ 45600-95600 രൂപ ശമ്പള സ്കെയിലിൽ ഗ്രൂപ്പ് ഇൻസ്ട്രക്ടർ/ജൂനിയർ അപ്രന്റീസ്ഷിപ്പ് അഡൈ്വസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി അവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. AMIE യോഗ്യത നേടുന്നവരുടെ Qualification achieve ചെയ്ത തീയതി കണക്കാക്കുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും അന്തിമ സ്പഷ്ടീകരണം ലഭ്യമാകുമ്പോൾ നിലവിൽ ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിലേയ്ക്ക് ഈ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥരുടെയും പരാമർശം (1) ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥരുടെയും സീനിയോരിറ്റി പുന:ക്രമീകരിക്കേണ്ട സാഹചര്യമുണ്ടെങ്കിൽ ആയതു പ്രകാരം അവരുടെ സീനിയോരിറ്റി ക്രമപ്പെടുത്തുന്നതായിരിക്കും.

| ക്രമ നം. | പേര്/തസ്തിക/നിലവിലെ സ്ഥാപനം | സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം. | ക്വാട്ട | സ്ഥാനകയറ്റം അനുവദിക്കുന്ന സ്ഥാപനം |
|---|---|---|---|---|
| 1 | ശ്രീ.വിജയപ്രസാദ് എം.വി,സീനിയർ ഇൻസ്ട്രക്ടർ,ഐടിഐ ചാലക്കുടി | 795 | ബിടെക്ക് | ഐടിഐ രാജാക്കാട് |
| | ശ്രീ അജിത്ത് കെ.എ | | | |

| | | | | |
|---|---|---|---|---|
| 2 | നായർ,സീനിയർ ഇൻസ്ട്രക്ടർ,ഐടിഐ കളമശേരി | 810 | ബിടെക്ക് | ഐടിഐ തിരുവാർപ്പ് |
| 3 | ശ്രീ. സജി സി.ജി,സീനിയർ ഇൻസ്ട്രക്ടർ,ഐടിഐ ആറ്റിങ്ങൽ | 821 | ബിടെക്ക് | ഐടിഐ ചന്ദനതോപ്പ് |
| 4 | ശ്രീ.രഞ്ജിത്ത്.ആർ,സീനിയർ ഇൻസ്ട്രക്ടർ,ഐടിഐ കളമശേരി | 786 | ബിടെക്ക് | ഐടിഐ കാസർഗോഡ് |
| **5** | ശ്രീ.സോമദാസ് പി. എ സീനിയർ ഇൻസ്ട്രക്ടർ,ഐടിഐ ഉറവൂർ | 857 | ബിടെക്ക് | ഐടിഐ ദേശമംഗലം |

മേല്പറഞ്ഞിട്ടുള്ള ജീവനക്കാർക്ക് പ്രൊമോഷൻ അനുവദിച്ച് തുറന്ന ഒഴിവുള്ള സ്ഥാപനങ്ങളിലാണ് നിയമിച്ചിട്ടുള്ളത്. രണ്ടു പൊതു സ്ഥലം മാറ്റങ്ങൾക്കിടയിലുണ്ടാകുന്ന ഒഴിവുകൾ അവസാന പൊതു സ്ഥലം മാറ്റത്തിലെ ക്യൂ ലിസ്റ്റിൽ നിന്നുമാണ് നികത്തേണ്ടത് എന്നും നിലവിലുള്ള ഒഴിവുകളിലേയ്ക്ക് ജീവനക്കാർക്ക് സ്ഥലം മാറ്റം അനുവദിച്ച ശേഷമാണ് പ്രൊമോഷൻ വഴി നികത്തേണ്ടതായ ഒഴിവുകൾ നികത്തേണ്ടത് എന്നും പൊതു സ്ഥലം മാറ്റ മാർഗ്ഗ നിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. നിലവിൽ പൊതു സ്ഥലം മാറ്റ ക്യൂ ലിസ്റ്റിൽ നിന്നോ നിലവിൽ ലഭ്യമായിട്ടുള്ള സ്ഥലം മാറ്റത്തിനുള്ള അപേക്ഷകളോ പരിഗണിക്കാതെയാണു നിലവിലുള്ള തുറന്ന ഒഴിവുകളിൽ സ്ഥാനക്കയറ്റം അനുവദിച്ച് നിയമിച്ചിട്ടുള്ളത്. ആയതിനാൽ അവസാന പൊതു സ്ഥലം മാറ്റത്തിലെ ക്യൂ ലിസ്റ്റിൽ നിന്നുള്ള സ്ഥലം മാറ്റമോ നിലവിലുള്ള അപേക്ഷകരുടെ സ്ഥലം മാറ്റത്തിനുള്ള അപേക്ഷകളോ അർഹതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുമ്പോൾ നിലവിൽ ഈ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റ നിയമനം നൽകുന്ന ജീവനക്കാർക്ക് നിലവിൽ നൽകിയിട്ടുള്ള സ്ഥാപനങ്ങളിലെ നിയമനം പുന:പരിശോധിക്കുന്നതായിരിക്കും.

വിവിധ ട്രേഡുകളിലെ ജൂനിയർ ഇൻസ്ട്രക്ടർ പി.എസ്.സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി ഉടൻ അവസാനിക്കുമെന്നതിനാൽ പ്രോമോഷന്റെ ഭാഗമായുണ്ടാകുന്ന ഒഴിവുകൾ അടിയന്തിരമായി പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യണമെന്നു സർക്കാർ നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ആയതിനാൽ സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരെ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതും, ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്. ടി ജീവനക്കാർക്ക് ചട്ടപ്രകാരം ഉള്ള യാത്രാ ബത്തയ്ക്കും, പ്രവേശന കാലത്തിനും അർഹത ഉണ്ടായിരിക്കുന്നതാണ്.

**ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

സ്വീകർത്താവ് : സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ (മേലധികാരി വഴി)

Signed by
Retheesan C
Date: 12-02-2024 18:01:08

I/682269/2024

പകർപ്പ്:- എഡിറ്റി, ജെഡിറ്റിTഎന്നിവരുടെ സി.എ
വകുപ്പിന് കീഴിലെ സ്ഥാപനമേധാവികൾ
വകുപ്പ് വെബ്സൈറ്റ്
കരുതൽ ഫയൽ(എ6)